# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ ടി എം പി 9/157/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ ടി എം പി 9/157/2023 തീയ്യതി: 17/03/2023

## കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 27-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 27-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജ്യോതിലക്ഷ്മി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പ്രദീപ്കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ബീമ.എം | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ.വിനോദ്കുമാർ.ഇ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 12-08-2021 |
| ശ്രീ.അജയകുമാർ.പി | സെക്രട്ടറി | 13-08-2021 | 06-09-2021 |
| ശ്രീ.വിനോദ്കുമാർ.ഇ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2021 | 23-09-2021 |
| ശ്രീമതി.രതി.റ്റി.നായർ | സെക്രട്ടറി | 24-09-2021 | 15-02-2022 |
| ശ്രീ.വിനോദ്കുമാർ.ഇ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്കുമാർ .ഇ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ മേരി ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിത്യ.സി.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രാജി.എസ്.മണി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.കണ്ണൻ.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സവിത.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. ബിജോയ് സേവ്യർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രാഖി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ഹേമ കർത്ത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.നിസ്സി.കെ.ജെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 27-06-2021 |
| ഡോ.ലിൻസി പുളിക്കൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 28-06-2021 | 31-03-2022 |
| ഡോ.പ്രസീന ദേവ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മാനുവൽ രസീത് ഉപയോഗം സംബന്ധിച്ച അപാകതകൾ | 1-11 |
| 12 | കെട്ടിടം വിഭജിച്ചും ഉപയോഗക്രമത്തിനനുസൃതമല്ലാതെയും വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. | 1-12 |
| 13 | വസ്തു നികുതി കുടിശ്ശിക 798318 രൂപ ഈടാക്കാനവശേഷിക്കുന്നു | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-14 |
| 15 | സ്ഥാപനതൊഴിൽ നികുതി പിരിച്ചെടുക്കുവാനവശേഷിക്കുന്നു. | 1-15 |
| 16 | ലൈസൻസ് ഫീ ഈടാക്കുന്നില്ല. | 1-16 |
| 17 | വാടക കുടിശ്ശിക ഈടാക്കിയില്ല. | 1-17 |
| 18 | ഫൈബർ ബോട്ട് വാടക കുടിശ്ശിക ഈടാക്കിയില്ല. | 1-18 |
| 19 | ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെ വിവരം ലഭ്യമാക്കിയില്ല. | 1-19 |
| 20 | ലേല ഫയൽ ലഭ്യമാക്കിയില്ല. | 1-20 |
| 21 | പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-21 |
| 22 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല | 1-22 |
| 23 | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരികെ ഈടാക്കിയില്ല. | 1-23 |
| 24 | പാടശേഖര സമിതിയ്ക്ക് റിവോൾവിംഗ് ഫണ്ട് 20000 രൂപ തിരിച്ചടയ്ക്കാനവശേഷിക്കുന്നു. | 1-24 |
| 25 | പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ – 136988 രൂപയുടെ മരുന്ന് ലഭ്യമാകുവാനവശേഷിക്കുന്നു | 1-25 |
| 26 | ആശ്രയ പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-26 |

| | | |
|---|---|---|
| 27 | പി എച്ച് സിക്ക് ആംബുലൻസ് വാങ്ങൽ - കരാറിലേർപ്പെടാതെ വാഹനം കൈമാറി | 1-27 |
| 28 | ഭിന്നശേഷിക്കാർക്ക് വീട് മെയിന്റനൻസ്- പൂർത്തീകരിച്ചില്ല. | 1-28 |
| 29 | മാർക്കറ്റ് ടോയ് ലെറ്റ് നവീകരണം- പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ അക്കൗണ്ടിൽ തുക നൽകിയില്ല | 1-29 |
| 30 | ടെണ്ടർ ഡിഡക്ഷൻ നടത്തിയില്ല.-കരാറുകാരന് അധികം തുക നൽകി | 1-30 |
| 31 | തൂക്കേൽ സ്റ്റേഡിയത്തിൽ ഇൻഡോർ ഷട്ടിൽ കോർട്ട് നിർമ്മാണം- അപാകതകൾ | 1-31 |
| 32 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയാക്കിയില്ല | 1-32 |
| 33 | നിക്ഷേപപ്രവൃത്തികൾ- തുടർനിരീക്ഷണമില്ല | 1-33 |
| 34 | ഐ കെ എം വിഹിതം ന**ൽകൽ** - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ടെണ്ടർ ഡിഡക്ഷൻ നടത്തിയില്ല.-കരാറുകാരന് അധികം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19/02/2021 തീയതിയിലെ 3-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 05/03/2022 ലെ 5-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11749017 | 11160158.5 |
| വരവ് | 140740000 | 70269139 |
| ആകെ | 152489017 | 81429297.5 |
| ചെലവ് | 148682000 | 64726129 |
| നീക്കിയിരിപ്പ് | 3807017 | 16703168.5 |

ബജറ്റ് പ്രകാരം 14.80 കോടി രൂപയുടെ പ്രതീക്ഷിത വരവും 14.64 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 11.62 കോടി രൂപയും ചെലവ് 12.15 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 116152150/- രൂപയും ചെലവ് 121471823/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 5045533/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 35084992.5/- രൂപയും ബാധ്യതകളുടെ മൂല്യം 35523647.5/- രൂപയും ആകെ ജനറൽ ഫണ്ട് -438655/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1 . 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.31/03/2022തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4. CFC ഗ്രാന്റ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. പലിശ ഇന്ററസ്റ്റ് ഫ്രം അക്കൗണ്ട്സ് എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്

5. RP 40b യിൽ സഹകരണ ബാങ്കിന്റെ (അക്കൗണ്ട് നമ്പർ 165103) നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 2521480രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ റീക്കൺസിലേഷൻ പത്രികയിൽ 2541922 രൂപ ബാങ്ക് ബുക്ക് ബാലൻസായി കണക്കാക്കിയാണ് പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

6. തൃക്കേൽ ഇൻഡോർ സ്റ്റേഡിയത്തിനായി ജില്ലാപഞ്ചായത്തിൽ നിന്നും 2017-18 വർഷം ലഭിച്ച 600000സംയുക്ത പ്രോജക്ടിനായി ട്രഷറിയിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ടി തുക തൻ വർഷം ടി അക്കൗണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതിനു പകരം തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരുന്നത്. ടി തുക തനത് ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്

7. അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിവിധ ശീർഷകങ്ങളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻ വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബി 18 ഷെഡ്യൂളിൽ അതാത് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല .

8.ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. തൻ വർഷം മുതൽക്കൂട്ടിയ നിക്ഷേപതുകകൾ ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടില്ല.

9.വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

11. ബാലൻസ് ഷീറ്റ് ബ9 ഷെഡ്യൂളിലെ 350410101,350410102,350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

12.ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

13.സി.എഫ്.എൽ.ടി.സി പ്രവർത്തനങ്ങൾക്കായി ഫെഡറൽ ബാങ്ക് നീണ്ടൂർ ശാഖയിൽ തുടങ്ങിയ അക്കൗണ്ട് റീകൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ RP-40(b) പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

14. ഐ.സി.ഡി.എസ്. വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ കൃത്യമായി അക്കൗണ്ട് ചെയ്തില്ല.

15. തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11160158.5 |
| ഓഡിറ്റ് വർഷത്തെ വരവ് | 70269139. |
| ആകെ | 81429297.5 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64726129 |
| നീക്കിയിരിപ്പ് | 16703168.5 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4475 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1649148 |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 13315422 | 13315422 | 13178442 | 136980 |
| വികസന ഫണ്ട്-SCP | - | 3876615 | 3876615 | 3586000 | 290615 |
| വികസന ഫണ്ട്-TSP | - | 136200 | 136200 | 109000 | 27200 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | - | 3217576 | 3217576 | 3006429 | 211147 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | - | 7059925 | 7059925 | 1854071 | 5205854 |
| മെയിന്റനൻസ് ഗ്രാന്റ്- Road | - | 7784157 | 7784157 | 3810273 | 3973884 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | - | 5074916 | 5074916 | 4515852 | 559064 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1944435 | 0 | 1944435 | 1205349 | 739086 |
| ICDS | 118061 | 656126 | 774187 | 477443 | 296744 |
| SSA | 6258 | 172 | 6430 | 0 | 6430 |
| SBM | 1761641 | 0 | 1761641 | 259282 | 1502359 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 818440 | 818440 | 818440 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | 2201974 | 2801974 | 2801974 | 0* |

* തൃക്കേൽ ഇൻഡോർ സ്റ്റേഡിയത്തിനായി ജില്ലാപഞ്ചായത്തിൽ നിന്നും 2017-18 വർഷം ലഭിച്ച 600000 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിരുന്നതിനാൽ RP-40(b) യിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

വികസനഫണ്ട് ജനറൽ എസ് സി പി , ടി എസ് പി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറൽഫണ്ടിനത്തിൽ 4422രൂപയും എസ് സി പി ഫണ്ടിനത്തിൽ

290615രൂപയും ടി എസ് പി ഫണ്ടിനത്തിൽ 27200 രൂപയും മെയിന്റനൻസ് ഫണ്ട് നോൺ റോഡ്നത്തിൽ 221597 രൂപയും റോഡ് ഇനത്തിൽ 4157 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 35319രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 3341925രൂപയും ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 738576 രൂപയും ഇപ്രകാരം അധിക അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച അധിക അലോട്ട് മെന്റിൽ ബേസിക്ക് ഗ്രാന്റ് ഇനത്തില് 564948 രൂപയും ടൈഡ് ഇനത്തിൽ 11619350 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ പലിശ വരവ് ബേസിക്ക് ഗ്രാന്റിൽ അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു

5.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്കും ടി റിപ്പോർട്ട് ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷികപദ്ധതിക്ക് 21.03.2022ലെ 1(1)- നമ്പർ തീരുമാനപ്രകാരം പുതുക്കിയ ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 24.03.2022ലെ ഉത്തരവ് നം.81898/ 21/ DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 30.01.2021ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തു. പദ്ധതിരൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 30.01.2021 |
| വർക്കിംഗ് ഗ്രൂപ്പയോഗം | 30.01.2021 |

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 13.01.2021-06.02.2021 |
| പ്രത്യേക ഗ്രാമസഭ | മത്സ്യസഭ-2/2/21, വയോജനസഭ 03/02/21 ഭിന്നശേഷി ഗ്രാമസഭ 2/02/21<br>ഊരുകൂട്ടം 1/02/21 |
| വികസനസെമിനാർ | 18.02.2021 |

വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ആകെ 187 പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഡി പി സി അംഗീകാരം ലഭിച്ചത് . എം സി എഫ് നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിന് (101/22) ടി എസ് നൽകാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മടക്കിയതിനാൽ സുലേഖ പത്രികയിൽ 186 പ്രോജക്ടുകാണ് അംഗീകാരം കിട്ടിയതായി കാണിച്ചിട്ടുള്ളത്. അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധഫണ്ടിനങ്ങളിലായി ആകെ 70776587 രൂപ വകയിരുത്തിയതിൽ 44273789 രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 62.55 ശതമാനം മാത്രമാണ്.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 186 | 152 | 70776587 | 44273789 | 62.55 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5659899 | 2463420 | 43.52 |
| വെറ്ററിനറി സർജൻ | 7 | 7 | 3063600 | 2456400 | 80.18 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 5 | 4060000 | 3150543 | 77.59 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 131319 | 131319 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| ഫിഷറീസ് എക്സ്റ്റെൻഷൻ | 2 | 2 | 158090 | 66290 | 41.93 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| വി.ഇ.ഒ | 17 | 15 | 18251000 | 11220350 | 61.47 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 5889992 | 5495436 | 93.30 |
| സെക്രട്ടറി | 35 | 26 | 7716051 | 3070601 | 39.79 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 5 | 666526 | 666526 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 1335900 | 1249706 | 93.54 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 70 | 23544210 | 14003198 | 59.47 |
| ആകെ | 186 | 152 | 70776587 | 44273789 | 62.55 |

സെക്രട്ടറി ഉൾപ്പെടെ മൂന്ന് നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് ശതമാനം അൻപതിൽ താഴെയാണ്.

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 91 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 70 പ്രോജക്ടുകൾക്കുവേണ്ടിയാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. റോഡ് വർക്കുകളിൽ ഒരേ റോഡ് തന്നെ ചെറിയ റീച്ചുകളായി വിഭജിച്ച് ഓരോന്നിനും പ്രത്യേകം പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് ടെൻഡർ നടപടികളും പ്രത്യേകമായി നടത്തപ്പെടുന്നതിനാൽ കൂടുതൽ സമയവും മനുഷ്യദിനങ്ങളും നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. ടേക്ക് എ ബ്രേക്ക് , തുമ്പൂർ മുഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം, അങ്കണവാടിക്ക് സ്ഥലം വാങ്ങൽ എന്നീ പ്രോജക്ടുകൾ തൻവർഷം നടപ്പായില്ല. വയോജനവിശ്രമകേന്ദ്രം നിർമ്മാണം, പഞ്ചായത്ത് ഓഫീസ് നിർമ്മാണം, പൊതു ശ്മശാനത്തിന് സ്ഥലം കണ്ടെത്തൽ തുടങ്ങിയ വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടില്ല. അഗതിരഹിതകേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുകയാണ്. വികസനഫണ്ട് കൈമാറി നൽകുന്നതൊഴികെ മറ്റ് പ്രവർത്തനം നിരീക്ഷിക്കുന്നില്ല. ഭക്ഷണത്തിനും മരുന്നിനും ചലഞ്ച് ഫണ്ട് തുക ചെലവഴിച്ചുപോരുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 220 തൊഴിൽ കാർഡ് അപേക്ഷകർക്കും തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ കാർഡിന് അപേക്ഷിച്ച മുഴുവൻ ആളുകൾക്കും സമയബന്ധിതമായി 14 ദിവസത്തിനുള്ളിൽ തന്നെ തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. 2021-22 വർഷം 656 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. എല്ലാ തൊഴിൽ ഡിമാന്റുകൾക്കും കൈപ്പറ്റ് രസീത് നൽകുന്നുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 167 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. പഞ്ചായത്തിലെ ആകെയുള്ള 15 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 611 പദ്ധതികൾ വിഭാവനം ചെയ്തതിൽ 209 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. അതിൽ 184 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം 39651 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 621 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകികൊണ്ട് തോട് ആഴം കൂട്ടൽ , മഴക്കുഴി നിർമ്മാണം എന്നിവയ്ക്ക് മുൻഗണന നൽകിയുള്ള

പ്രോജക്ടുകളാണ് നടപ്പിലാക്കിയത്.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 157104.80 | 463884 | 620988.80 | 615253 | 5735.80 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | – | 16706887 | 16706887 | 16706887 | - |

1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

ഓഡിറ്റ് വർഷം വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 21124700 | 1565 |
| കർഷകതൊഴിലാളി പെൻഷൻ | 9047800 | 591 |
| വിധവ പെൻഷൻ | 9705800 | 652 |
| 50വയസ്സിലധികം പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 593700 | 36 |
| വികലാംഗ പെൻഷൻ | 4187100 | 279 |
| തൊഴിൽരഹിത വേതനം | 45600 | 23 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 16/01/2023-ന് 02.50 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 8343/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ വിവിധ സെക്ഷനുകളുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട് 2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്ന എ.സി.ആർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്ന നടപടി പുരോഗമിക്കുന്നു. പ്രോജക്ടുകളുടെ നിർവ്വഹണവേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രോജക്ടുകൾ മോണിട്ടർ ചെയ്യുന്നതിന്റെ റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. കൂടാതെ വാടകയുൾപ്പെടെ നികുതി കുടിശിക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ

നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിനിയോഗവും പഞ്ചായത്ത് തലത്തിൽ നീരിക്ഷിക്കുന്നതായി കാണുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച നമ്പർ , തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/06/22 | 07/21 മുതൽ 12/21 വരെ | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/02/2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/8A-2720/382/12.04.18 |

1-11 മാനുവൽ രസീത് ഉപയോഗം സംബന്ധിച്ച അപാകതകൾ

14.06.22 ൽ വി.ഇ.ഒ സുനിൽ.എസ്. ന് ഇഷ്യൂ ചെയ്തിട്ടുള്ള 24591 -ാം നമ്പർ രസീത് ബുക്കിന്റെ കൗണ്ടർ ഫോയിൽ ഉൾപ്പെടെ എല്ലാ ലീഫുകളിലും തുക മാത്രം എഴുതി ക്യാൻസൽ ചെയ്തതായി കാണുന്നു. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നൽകിയിട്ടുള്ള ടി രസീത് ബുക്കിൽ ഗുണഭോക്താവിന്റെ പേരു വിവരങ്ങളും രസീത് ക്യാൻസൽ ചെയ്തതിന്റെ കാരണവും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രസീത് ബുക്ക് നം 25487 ൽ ഗുണഭോക്താക്കൾക്ക് രസീതിന്റെ പകർപ്പ് നൽകാതെ അവശേഷിക്കുന്നു. ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 43/27.01.23) 500 ഗുണഭോക്താക്കൾ ഉള്ളതിനാൽ രസീത് ബുക്കിൽ മുൻകൂറായി തീയതിയും പ്രോജക്റ്റിന്റെ പേരും എഴുതിയതാണെന്നും പ്രസ്തുത തീയതിയിൽ തുക കളക്ട് ചെയ്യാൻ സാധിക്കാഞ്ഞതിനാലാണ് ടി രസീതു ബുക്ക് ക്യാൻസൽ ചെയ്യേണ്ടി വന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 (2) (എ),(സി) എന്നിവ പ്രകാരം പണം സ്വീകരിക്കുമ്പോൾ മാത്രമേ രസീത് എഴുതി നൽകുവാൻ പാടുള്ളൂ. മുൻകൂറായി രസീത് എഴുതി വയ്ക്കുന്നത് ശരിയായ നടപടിക്രമമല്ല. കൂടാതെ ടി ചട്ടപ്രകാരം മാനുവൽരസീതിന്റെ അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പകർപ്പ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

1-12 കെട്ടിടം വിഭജിച്ചും ഉപയോഗക്രമത്തിനനുസൃതമല്ലാതെയും വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

എം.ഫിലിപ്പ് കിഴക്കേ മാപ്പിളത്തുണ്ടിൽ എന്നയാളുടെ ഉടമസ്ഥതയിൽ വാർഡ് 7 ലുള്ള 400, 400A, 400Bഎന്നീ നമ്പരുകൾ നൽകിയിരിക്കുന്ന കെട്ടിടത്തിൽ ഏയ്ഞ്ചൽ സൂപ്പർമാർക്കറ്റാണ് പ്രവർത്തിക്കുന്നതെന്ന് ലൈസൻസ് (നം.എ5- 129) അനുവദിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ടി കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 180 ചതുരശ്ര മീറ്റർ ആണ്. കെട്ടിടം സൂപ്പർമാർക്കറ്റായി ഉപയോഗിക്കുന്നതിനാലും ആകെ തറ വിസ്തീർണ്ണം 180 ച.മീ ആയതിനാലും ടി കെട്ടിടത്തിന് 200 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റിന് ബാധകമായ 50 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഉപയോഗക്രമം കണക്കിലെടുക്കാതെ കെട്ടിടത്തെ മൂന്നായി വിഭജിച്ച് (60 ച.മീ വീതം) 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് നിലവിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/23.01.23) ഉപയോഗത്തിനനുസൃതമായി വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം വസ്തു നികുതി പുനർ നിർണ്ണയിച്ചതിന്റെ ഫോറം 6 ഉൾപ്പെടെ വിശദാംശങ്ങൾ രേഖാമൂലം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കുടിശ്ശിക 798318 രൂപ ഈടാക്കാനവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ 798318 രൂപ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വസ്തു നികുതി കുടിശ്ശിക ഇനം | തുക |
|---|---|
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നികുതി 2021-22 | 196223 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നികുതി കുടിശ്ശിക | 242319 |
| പാർപ്പിടേതരാവശ്യത്തിനുള്ള കെട്ടിട നികുതി | 165518 |
| പാർപ്പിടേതരാവശ്യത്തിനുള്ള കെട്ടിട നികുതി കുടിശ്ശിക | 194258 |
| ആകെ | 798318 |

ടി കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.44/27.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ നീണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിവിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രണ്ടർദ്ധവർഷങ്ങളിലും ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ്

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി |
|---|---|---|---|
| ഗോപാലകൃഷ്ണൻ.പി.പി പി.ടി.എസ്, കൃഷി ഭവൻ, നീണ്ടൂർ | 103686 | 750 | 1000 |

രണ്ടർദ്ധവർഷങ്ങളിലുമായി ടിയാനിൽ നിന്നും 500 രൂപ കുറവായാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്.

2. ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കുഴിക്കണ്ടത്തിൽ ഹോമിയോപതിക് ക്ലീനിക് | I & II |
| 2 | ശാലിനി സ്റ്റീൽസ് | II |
| 3 | പോസ്റ്റ് ഓഫീസ് , മൂഴിക്കുളങ്ങര | I & II |
| 4 | പഞ്ചായത്ത് എൽ.പി.എസ്, നീണ്ടൂർ | I |

| | | |
|---|---|---|
| 5 | എസ്.കെ.വി എൽ.പി.എസ്, കൈപ്പുഴ | I |
| 6 | ഹോട്ടൽ വെട്ടിക്കാട്ട് പ്ലാസ | II |
| 7 | ടി.എസ്.38 | II |
| 8 | പ്രസീത.പി - മാവേലി സ്റ്റോർ | II |
| 9 | സുനിൽകുമാർ . ടി.എസ് - ബി.എസ്.എൻ.എൽ | II |

3. ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വരുമാന പത്രികകൾ സമർപ്പിച്ച് തൊഴിൽ നകുതി ഒടുക്കുന്നില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ടോം വിഷൻ | 6 |
| 2 | എലൈറ്റ് മെറ്റൽസ് | 3 |
| 3 | സെന്റ് മൈക്കിൾ ഫുഡ് പ്രോഡക്ട്സ് | 12 |
| 4 | ഏയ്ഞ്ചൽ സൂപ്പർമാർക്കറ്റ് | 3 |
| 5 | സെന്റ് മൈക്കിൾ സോ മിൽ | 2 |
| 6 | ഗ്ലോബൽ വുഡ് ഇൻഡസ്ട്രീസ് | 4 |
| 7 | പ്രതിഭ ഡെന്റൽ ക്ലീനിക് | 3 |
| 8 | ഡോ.അപർണ്ണാസ് ഡെന്റൽ ക്ലീനിക് | 2 |
| 9 | പുത്തൻ ഡെന്റൽ കെയർ | 2 |

ടി അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/18.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിലേർപ്പെടുന്ന ഏതൊരാളും ഓരോ അർദ്ധവർഷത്തിലെയും വരുമാനത്തിനാനുപാതികമായ തുക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും എല്ലാ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തൊഴിൽനികുതി ഒടുക്കുവാനവശേഷിക്കുന്ന ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 സ്ഥാപനതൊഴിൽ നികുതി പിരിച്ചെടുക്കുവാനവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നീണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ നിന്നും സ്ഥാപന തൊഴിൽ നികുതി ഒടുക്കുവാനവശേഷിക്കുന്നതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ശാലിനി സ്റ്റീൽസ് | II |
| 2 | കുഴിക്കണ്ടത്തിൽ ഹോമിയോപതിക് ക്ലീനിക് | I & II |
| 3 | മാവേലി സ്റ്റോർ | II |
| 4 | ടി.എസ്. നം.35 | I & II |
| 5 | ടി.എസ്. നം.37 | I & II |
| 6 | ടി.എസ്. നം.38 | II |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ലൈസൻസ് ഫീ ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 3ന് അനുബന്ധമായുള്ള പട്ടിക -1 ൽ ഉൾപ്പെട്ടിട്ടുള്ള വ്യാപാരമോ വ്യവസായമോ പഞ്ചായത്ത് നൽകുന്ന ലൈസൻസില്ലാതെ നടത്താൻ പാടില്ലാത്തതാണ്. അബ്കാരിഷാപ്പുകൾ സംഭരണവും വിൽപ്പനയും പട്ടികയിലെ 139 -ാമത്തെ ഇനമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കള്ള്ഷാപ്പുകൾ IFTEOS ലൈസൻസ് എടുക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 23-01-2023-ലെ 21-ാം നമ്പർ എൻക്വയറിയ്ക്ക് നിലവിലും ഇവ IFTEOS ലൈസൻസ് എടുക്കുന്നില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനും അത് വഴി തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-17 വാടക കുടിശ്ശിക ഈടാക്കിയില്ല.

പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) മുറിയുടെ വാടക ഈടാക്കിയിട്ടില്ല.

വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| മുറിനമ്പർ | പേര് | പ്രതിമാസ വാടക | കുടിശ്ശിക | തുക |
|---|---|---|---|---|
| 19 | അനീഷ്.പി.മോഹൻ | 4362 | 52344 | |

ശ്രീ. അനീഷ്.പി.മോഹൻ 2020-21സാമ്പത്തിക വർഷത്തിലെ വാടക കുടിശ്ശിക 24924+4488+252+17198=46862 രൂപയും 2021-22 സാമ്പത്തിക വർഷത്തിലെ വാടക കുടിശ്ശിക 52344+9432+176+10011=71963 (വാടകകുടിശ്ശിക+ജി.എസ്.റ്റി+പ്രളയസെസ്സ്+പിഴപ്പലിശ) രൂപയും കുടിശ്ശിക ഗ്രാമപഞ്ചായത്തിൽ അടവാക്കാനുള്ളതായി കാണുന്നു. ടി വ്യക്തി നിലവിൽ വാടക കുടിശ്ശിക ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനായി 25-01-2023-ലെ 35-ാം നമ്പർ എൻക്വയറി നൽകിയതിന് നിലവിലും വാടക കുടിശ്ശിക അടച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്. വാടക കുടിശ്ശിക ഈടാക്കുന്നതിന് എഗ്രിമെന്റ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഫൈബർ ബോട്ട് വാടക കുടിശ്ശിക ഈടാക്കിയില്ല.

2021-22 വർഷം ഫൈബർ ബോട്ട് ലേലം കൊണ്ട ശ്രീ.ബിജുമോൻ.പി.ഡി വാടക കുടിശ്ശിക ഒടുക്കിയിട്ടില്ല വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|
| ബിജുമോൻ.പി.ഡി, പൊന്നാട്ടിൽ,കൈപ്പുഴ | 630 | 7560 |

കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 25-01-2023- ലെ 35-ാം നമ്പർ എൻക്വയറി നൽകിയതിന് നിലവിലും ഈ കുടിശ്ശിക നിലനിൽക്കുന്നതായാണ് മറുപടി നൽകിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷവും ബിജുമോൻ.പി.ഡി എന്ന വ്യക്തി തന്നെയാണ് ഫൈബർ ബോട്ട് വാടകയ്ക്ക് എടുത്തിരിക്കുന്നത്. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെ വിവരം ലഭ്യമാക്കിയില്ല.

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (ഓൾഡ് ബ്ലോക്ക്), പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്), വനിതാ സംരംഭക കേന്ദ്രം ,പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (ന്യൂ ബ്ലോക്ക്), കൈപ്പുഴ ഫിഷ് മാർക്കറ്റ് സ്റ്റാൾ എന്നിവിടങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ വിവരം ലഭ്യമാക്കുന്നതിനായി 25-01-2023-ലെ 35-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയില്ല. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ പുനർലേലം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ലേല ഫയൽ ലഭ്യമാക്കിയില്ല.

നീണ്ടൂർ മൃഗാശുപത്രിയിലെ ഉപയോഗ യോഗ്യമല്ലാത്ത ആസ്ബറ്റോസ് ഷീറ്റ് ലേലം ചെയ്തതിന്റേയും മഴമരം മുറിച്ച തടി ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റേയും ഫയൽ ലഭ്യമാക്കുന്നതിനായി 25-01-2023-ലെ 40-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലേലം നടന്നിട്ടില്ല എന്ന മറുപടിയാണ് കിട്ടിയത്. ലേല നടപടികൾ പുനരാരംഭിച്ച് ലേലതുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | 73/22 ,പോസ്റ്റ് ഷിഫ്റ്റിംഗ് |
| ചെലവ് | 19587 ബിൽ നമ്പർ 92/12.10.21 |

പഞ്ചായത്തിലെ വാർഡ് ഒന്നിൽ ചാമക്കാലകുരിശുപള്ളി അന്നാട്ടിയ്ക്കൽ മറ്റം റോഡിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിൽ നിന്ന് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി തനത് ഫണ്ടിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം 19587 അടവാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 17/21.01.23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പൂർത്തീകരണവിവരം ലഭ്യമാക്കാത്തതിനാൽ 19587രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷം രാജൻ.സി.ക്ലർക്ക്, 30.09.2021-ൽ പായിപ്പാട് ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലം മാറി പോയതിനാൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ 15,000/-രൂപ തിരികെ ഒടുക്കിയതായി കാണുന്നില്ല. ഈ തുക തിരികെ ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് 27-01-2023-ലെ 45-ാം നമ്പർ എൻക്വയറി നൽകിയതിന് തുക നിലവിലും ഒടുക്കിയിട്ടില്ല എന്നും ഒടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക

ഒടുക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരികെ ഈടാക്കിയില്ല.

സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ, സർക്കാർ/ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, സർവ്വീസ് പെൻഷണർമാർ/കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഗുണഭോക്താവ് ഇത്തരത്തിൽ അധികമായി കൈപ്പറ്റിയിട്ടുള്ള സാമൂഹ്യസുരക്ഷാപെൻഷൻ തിരികെ ഒടുക്കുന്നതിന് അറിയിച്ചിട്ടും ഈ ഗുണഭോക്താവ് പെൻഷൻ തുക തിരികെ ഒടുക്കിയതായി കാണുന്നില്ല.

| പേരും വിലാസവും | പെൻഷൻ ഐ.ഡി.നം. | പെൻഷൻ വിതരണം ആരംഭിച്ച മാസം |
|---|---|---|
| കത്രീന.പി.പി വലിയപറമ്പ് മുകളേൽ കൈപ്പുഴ.പി.ഒ | 105170600552 (ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം.) | നവംബർ 2015 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23-01-2023 -ലെ 24-ാം നമ്പർ എൻക്വയറി നൽകിയതിന് നിലവിലും ഈ ഗുണഭോക്താക്കൾ തുക തിരികെ ഒടുക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 പാടശേഖര സമിതിയ്ക്ക് റിവോൾവിംഗ് ഫണ്ട് 20000 രൂപ തിരിച്ചടയ്ക്കാനവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 186/2021-22 |
| ഫണ്ടിനം | തനത് ഫണ്ട് |
| അടങ്കൽ | 586479 |
| ചെലവ് | 90000 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നീണ്ടൂർ പഞ്ചായത്ത് പരിധിയിലുള്ള മാനാടി പാടശേഖരത്തിന് പെട്ടിപറ മോട്ടോർ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ടായി 90000 രൂപ ചെക്ക് നം.SB/XY No.5230782/ 23.02.22 പ്രകാരം ടി പാടശേഖരസമിതിയ്ക്ക് നൽകിയിരുന്നു. ടി പ്രോജക്ട് പ്രകാരം റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് കാലയളവിന്റെ പരിധി 6 മാസമായി നിശ്ചയിച്ചിരുന്നുവെങ്കിലും രസീത് നം 1220201252/G050305-19.07.22 പ്രകാരം 70000 രൂപ മാത്രമെ തനതു ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുള്ളൂ. ബാക്കിയുള്ള 20000 രൂപയുടെ തിരിച്ചടവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/) ടി കൃഷി സീസണിൽ വേനൽമഴ അതിശക്തമായിരുന്നതിനാൽ കൃഷി നാശം സംഭവിക്കുകയും ആയതിന്റെ ഇൻഷുറൻസ് തുക ഉൾപ്പെടെ ലഭിച്ചിട്ടില്ലാത്തതിനാൽ കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും നിലവിലുള്ള കൃഷി വിളവെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് തിരിച്ചടവിൽ ബാക്കിയുള്ള തുകയായ 20000 രൂപ തിരികെ ഒടുക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടി തുക തനതു ഫണ്ടിൽ തിരികെ ഒടുക്കുന്ന മുറയ്ക്ക് രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്. തുക തിരികെ ഒടുക്കുന്നതുവരെ 20000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ – 136988 രൂപയുടെ മരുന്ന് ലഭ്യമാകുവാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 197 / 2021-22 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 500000 |
| ചെലവ് | 499998 |
| തടസ്സപ്പെടുത്തിയ തുക | 136988 |
| ബിൽ നമ്പർ | 330/23.03.22 |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് റോഡിതരം 500000 രൂപ വകയിരുത്തി 499998 രൂപ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 400000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും 99998 രൂപ ജൻ ഔഷധിക്കുമാണ് കൈമാറിയത്. ജൻ ഔഷധിയിലേക്ക് കൈമാറിയ തുകയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയ തുകയിൽ 263012 രൂപയുടെ മരുന്ന് ലഭ്യമാക്കിയതിന്റെ Tax Invoice ഉം സ്റ്റോക്കും മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. 136988 രൂപയുടെ മരുന്ന് ലഭ്യമാക്കാത്തതിന്റെ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 38/25.01.23) മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മരുന്ന് ലഭ്യമാകുന്നതുവരെ 136988 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ആശ്രയ പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. | 3/22 |
| ചെലവ് | 300000 |
| ബിൽ നം. | 1/27.1021( (A/c No 677602010005700) |

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 3,50,000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. മുൻവർഷങ്ങളിൽ നൽകിയ തുകകളുൾപ്പെടെ 13,07,500 രൂപ വിസനഫണ്ട് സി ഡി എസിന്റെ അക്കൗണ്ടിൽ ബാലൻസുണ്ട്. തുക ചെലവഴിക്കേണ്ടത് സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല . ആയതിനാൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഈ വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. ഭരണസമിതി അടിയന്തിരമായി ടി വിഷയത്തിൽ ഇടപെടേണ്ടതും തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. തുകയുടെ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ 3,00,000രൂപ തടസ്സപ്പെടുത്തുന്നു. (അന്വേഷണക്കുറിപ്പ് നം. 10/21.01.23)

## 1-27 പി എച്ച് സിക്ക് ആംബുലൻസ് വാങ്ങൽ - കരാറിലേർപ്പെടാതെ വാഹനം കൈമാറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 104/22 |
| ചെലവ് , ഫണ്ടിനം | 12481/- , തനത് ഫണ്ട് |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കോട്ടയം ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന 1150000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി ധനകാര്യകമ്മീഷൻ 50000 രൂപയും ഉപയോഗിച്ച് ആംബുലൻസ് വാങ്ങി പി എച്ച് സി ഓണന്തുരുത്തിന് കൈമാറുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. 11,62,481 - രൂപ ചെലവഴിച്ച് GEM വഴി Force Motors Ltd എന്ന സ്ഥാപനത്തിൽ നിന്നും Force Trax Criuser BSVI 3050 MM WB (6+P) PS ABS എന്ന ആംബുലൻസ് വാങ്ങിയതിന്റെ ഇൻവോയ്സിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്(ഇൻവോയിസ് നമ്പർ 3210009289/15.01.2022) . ആംബുലൻസിന്റെ വില ജില്ലാ പഞ്ചായത്ത് നേരിട്ട് സപ്ലയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും രജിസ്ട്രേഷൻ, ഇൻഷ്വറൻസ് റോഡ് ടാക്സ് ഇനങ്ങളിൽ മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിക്കുകയുമാണ് ചെയ്തത്. ഇതിനാൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 12481/- രൂപയുടെ ചെലവ് മാത്രമാണ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആംബുലൻസ് ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും പി എച്ച് സി ക്ക് കൈമാറിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആംബുലൻസിന്റെ കസ്റ്റോഡിയൻ തുടർപരിപാലനം, മെയിന്റനൻസ് , ലോഗ് ബുക്ക് സൂക്ഷിക്കൽ , ഡ്രൈവർക്ക് ശമ്പളം നൽകൽ , കൈമാറിയതിന്റെ രേഖകൾ, കരാർ എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് 10/05/2022ലെ 2/1 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി കൺവീനർ എന്ന നിലയിൽ മെഡിക്കൽ ഓഫീസർ പി എച്ച് സിക്ക് വാഹനം കൈമാറിയിട്ടുണ്ടെന്നും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈമാറിയതിനാൽ കരാറിലേർപ്പെട്ടില്ലെന്നും മറുപടി ലഭ്യമാക്കി. ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി പി എച്ച് സി ഓണംതുരുത്തുമായി കരാറിലേർപ്പെടേണ്ടതും ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് /ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതും രേഖകൾ തുടർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ഭിന്നശേഷിക്കാർക്ക് വീട് മെയിന്റനൻസ്- പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം , പേര് | 0036/2021-22 |
| ഫണ്ടിനം | വികസനഫണ്ട് - 150000<br>തനത് ഫണ്ട് - 50000 |
| അടങ്കൽ | 200000 |
| ചെലവ് | 150000 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭിന്നശേഷിക്കാർക്ക് വീട് മെയിന്റനൻസിനായുള്ള പ്രോജക്ട് പ്രകാരം ലത സോമൻ, വെട്ടിപ്പറമ്പിൽ മൂഴിക്കുളങ്ങര എന്ന ഗുണഭോക്താവിന് 50000 രൂപ അഡ്വാൻസ് (ബിൽ നം. 15/29.11.21) നൽകിയിരുന്നു. എന്നാൽ പണി പൂർത്തിയാക്കിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/23.01.23) വീടിന്റെ പുനരുദ്ധാരണം ആരംഭിച്ചപ്പോൾ തന്നെ വീട് പൂർണ്ണമായും ഇടിഞ്ഞ് പോയതിനാൽ പ്രോജക്ട് പ്രകാരമുള്ള പണി നടത്തുവാൻ സാധിക്കാതെ വരികയും അതിദാരിദ്ര്യാവസ്ഥയിലുള്ള കുടുംബമായതിനാൽ അഡ്വാൻസ് വാങ്ങിയ തുക തിരികെ ഒടുക്കുവാൻ കഴിയാത്ത അവസ്ഥയിലുമാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി. 06.08.2022 ലെ 5(1) പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം നൽകിയ അഡ്വാൻസ് തിരികെ ഈടാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 മാർക്കറ്റ് ടോയ് ലെറ്റ് നവീകരണം- പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ അക്കൗണ്ടിൽ തുക നൽകിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് | 142/22 |

| | |
|---|---|
| അടങ്കൽ | 150000 |
| ചെലവ് | 141398,ചെക്ക് നമ്പർ-315302/13/12/21 |

പ്രാവട്ടം മാർക്കറ്റിലെ നിലവിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിനോട് ചേർന്നുള്ള പൊതു ശൗചാലയത്തിന്റെ നവീകരണത്തിനായി തയ്യാറാക്കിയ മേൽ പ്രോജക്ട് കരാറെടുത്തത് കെ ഗോപിദാസ് ഇ കെ എന്ന കരാറുകാരനാണ്. (കരാർ 36/AE/LSGD/NDR/20-21 തീയതി 21/12/20) പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട് . സാംഖ്യ ബില്ല് പരിശോധിച്ചപ്പോൾ കരാറുകാരന് നൽകാനുള്ള 136346രൂപ നൽകിയിരിക്കുന്നത് അലക്സ് തോമസ് എന്ന വ്യക്തിയുടെ 67103175116 നമ്പർ അക്കൗണ്ടിലാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 30/24.01.23) കരാറുകാരനായ ശ്രീ ഗോപിദാസിന് ശാരീരിക ബുദ്ധിമുട്ടുകളും ആശുപത്രിവാസവും ആവശ്യമായതിനാൽ ടിയാൻ പവർ ഓഫ് അറ്റോർണി മുഖേന പ്രവൃത്തി നടപ്പാക്കുന്നതിന് അലക്സ് തോമസ് എന്ന കരാറുകാരന് അനുമതി നൽകുകയായിരുന്നെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് ശ്രീ അലക്സ് തോമസുമായി കരാറിലേർപ്പെട്ടിട്ടുമില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായുള്ള 141398 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ടെണ്ടർ ഡിഡക്ഷൻ നടത്തിയില്ല.-കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/22,മൂഴിക്കുളങ്ങര വടക്കും ഭാഗം പാടശേഖരം തോട് ആഴം കൂട്ടി വൃത്തിയാക്കൽ |
| ചെലവ് | 46749,ബിൽ നമ്പർ 360/27.03.2022 |
| കരാർ | 58/AE/LSGD/NDR/20-21 തീയതി 24.02.21 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

മേൽ പ്രോജക്ട് ടെൻഡർ ചെയ്തപ്പോൾ 10.05% കുറവ് ക്വോട്ട് ചെയ്ത മോബിൻ സേവ്യർ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് . പ്രവർത്തിയുടെ ഫൈനൽ ബിൽ പേയ്മെന്റ് നടത്തിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 44523 |
| ടെൻഡർ കുറവ് വരുത്തേണ്ട തുക | 4475 |

ടെണ്ടർ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് അധികം തുക നൽകി . അപാകത ശ്രദ്ധയിൽപ്പെടുത്തി അന്വേഷണക്കുറിപ്പ്(32/24.01.23) നല്കിയതിന് തുക കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം ബിൽ തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-31 തൃക്കേൽ സ്റ്റേഡിയത്തിൽ ഇൻഡോർ ഷട്ടിൽ കോർട്ട് നിർമ്മാണം- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് | 132/22 |
| ചെലവ് | 973372 |
| വൗച്ചർ നമ്പർ/തുക | 22100881/07.03.22 |

| | |
|---|---|
| | 33372<br>22100882/7.3.22<br>340000<br>22100883/7.03.22<br>600000 |

നീണ്ടൂർ പഞ്ചായത്തിൽ ഏഴാം വാർഡിൽ ഇൻഡോർ ഷട്ടിൽ കോർട്ട് നിർമ്മിക്കുന്നതിനായി പൈകയിൽ നിന്നും ലഭ്യമായ 3.4 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൻ നിന്നും ലഭ്യമായ ആറു ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും 60000 രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്റ്റിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടി പ്രോജക്റ്റ് ആദ്യം ഏറ്റെടുത്തത് കിരൺ കരിപ്പേൽ എന്ന കരാറുകാരനാണ്. 23/10/18 ൽ കരാറിലേർപ്പെട്ട ടിയാൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനെ തുടർന്ന് ടിയാന്റെ Risk And Cost Arrangementൽ റീടെണ്ടർ നടത്തി . ഫയലിൽ ലഭ്യമായ BOQ Summary ൽ നിന്ന് രണ്ട് കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നതായി കാണുന്നു

1. Decopaa Interiors- 706402.86

2. Jabir Mehtar- 982981.34

ഇതിൽ നിന്ന് കൂടിയ നിരക്ക് ക്വോട്ട് ചെയ്ത ജാബിർ മേത്താർ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് 11/2/21ൽ സെലക്ഷൻ നോട്ടീസ് നൽകി പ്രവൃത്തിയുടെ കരാർ നല്കുകയാണ് ചെയ്തത്. കുറഞ്ഞ നിരക്ക് സമർപ്പിച്ചിരുന്ന Decopaa Interiors എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടമുണ്ടായി .

2. ആദ്യം പ്രവൃത്തി ഏറ്റെടുത്ത കിരൺ കരിപ്പേൽ എന്ന കരാറുകാരനെതിരെ കരാർ വീഴ്ച വരുത്തിയതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3.11/2/21ൽ നൽകിയ സെലക്ഷൻ നോട്ടീസിൽ നാലു മാസമാണ് പൂർത്തീകരണ കാലയളവ് എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 20/01/22ലാണ് (അളവ് പുസ്തകം 287/21-22) ജിഒ(പി)13/PWD/ 1-2-2022 , 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25%, കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റിൽ എർപ്പെട്ടില്ല.

4.സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കാനുള്ള ഇനങ്ങൾ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ ഭിത്തി നിർമ്മിക്കുന്നതിനോ പൂർത്തീകരണത്തിനാവശ്യമായ മറ്റിനങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിരുന്നില്ല. കെട്ടിടത്തിന്റ സ്ടക്ച്ചർ പൂർത്തീകരണം പോലുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് ശരിയായ നടപടിയല്ല. തുടർ പ്രോജക്റ്റുകൾ ആവിഷ്കരിക്കാത്തതുമൂലം പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല എന്ന് വ്യക്തമാകുന്നു.



*തുക്കേൽ സ്റ്റേഡിയം – നിലവിലെ അവസ്ഥ*

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണക്കുറിപ്പിന് (നം. 33/25.01.23) 9.02.2021 ലെ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ജാബിർമേത്തർ എന്നകരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചതെന്നും ആദ്യം കരാറെടുത്ത കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതാണെന്നും പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ലഭിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടിന്റെ വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥൻ അപാകത ചൂണ്ടിക്കാട്ടുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. 2022-23 വർഷത്തെ പദ്ധതിയിൽ ടി കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഭാഗികമായി നിർമ്മിച്ച ടി കെട്ടിടം പ്രയോജനരഹിതമായി പോകാനുള്ള സാധ്യത നിലനിൽക്കുന്നു. നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിയ്ക്കേണ്ടതും തുടർവർഷങ്ങളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 973372/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയാക്കിയില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക(വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 വർഷം രണ്ടു പ്രോക്ടുകൾക്കായി 410000/- വകയിരുത്തിയിട്ടുണ്ട്.സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും 2021-22വർഷം ടി പ്രോജക്ടുകൾ നടപ്പാക്കിയില്ല( പ്രോജക്ട് നമ്പർ- 147/22 -200000, പ്രോജക്ട് നമ്പർ- 149/22 -210000) .പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, കരാറുകാരുടെ വിവരം ,നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (25/23.01.23) ടി പദ്ധതിക്കായി സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ മാർക്കറ്റിലെ നിലവിലുള്ള കടമുറി ടോയ് ലെറ്റായി മാറ്റുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും കടമുറി ഒഴിപ്പിക്കാൻ കാലതാമസം നേരിട്ടതിനാലാണ് പ്രവൃത്തി ആരംഭിക്കുന്നതിന് താമസം ഉണ്ടായതെന്നും പ്രവൃത്തി 22-23 വാർഷികപദ്ധതിയിൽ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു. ടോയ്ലെറ്റ് നിർമ്മാണം പൂർത്തീകരിച്ച്

പ്രവർത്തനക്ഷമമാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

### 1-33 നിക്ഷേപപ്രവൃത്തികൾ- തുടർനിരീക്ഷണമില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ,നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460500201 | നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂർ- KWA | 3485000 |
| 460500202 | നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂർ- KSEB | 202415 |
| 460500205 | നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂർ- PWD | 200000 |
| 460500405 | സോഷ്യോ എക്കോണമിക്ക് യൂണിറ്റിന് നൽകിയ മുൻകൂർ | 120000 |
| 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ | 1082143 |
| 460509901 | മറ്റുള്ളവർക്ക് നൽകിയ മുൻകൂർ | 518408 |
| | ആകെ | 5607966 |

ഗ്രാമപഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ആകെ 5622966/- രൂപ വിവിധ ഇനങ്ങളിലായി മുൻകൂർ, നിക്ഷേപ പ്രവൃത്തികൾ എന്നിവയ്ക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകൂറിന്റെ മുന്നിരിപ്പ്, 2021-22 വർഷത്തെ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചേർത്ത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുൻകൂറുകളും ഡെപ്പോസിറ്റ് പ്രവൃത്തികളും കൃത്യമായ ക്രമീകരണം നടക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ അന്വേഷക്കുറിപ്പിന് (നമ്പർ 22/23.01.23) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ 2369399രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ആയത് ക്രമീകരിക്കുന്നതാണെന്നും കെ എസ് ഇ ബിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് ക്രമീകരിക്കുന്നതാണെന്നും മറ്റ് ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂറുകൾ നൽകുന്നതിലും ക്രമീകരണത്തിലും കൃത്യമായ നിരീക്ഷണം നടത്തേണ്ടതാണ്.

### 1-34 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ കെ എം വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 57803/- രൂപ (പ്രൊജക്റ്റ് നമ്പർ 1/22) ഐ കെ എം, തിരുവനന്തപുരം - ന്റെ പേരിൽ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 14/21.01.23) സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് . ആയതു വരെ ചെലവഴിച്ച 57803/- രൂപ തടസ്സപ്പെടുത്തുന്നു(ബിൽ നമ്പർ 25/21.06.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ ഡിഡക്ഷൻ നടത്തിയില്ല.-കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/22,മൂഴിക്കളങ്ങര വടക്കം ഭാഗം പാടശേഖരം തോട് ആഴം കൂട്ടി വൃത്തിയാക്കൽ |
| ചെലവ് | 46749,ബിൽ നമ്പർ 360/27.03.2022 |
| കരാർ | 58/AE/LSGD/NDR/20-21 തീയതി 24.02.21 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

മേൽ പ്രോജക്ട് ടെൻഡർ ചെയ്തപ്പോൾ 10.05% കുറവ് ക്വോട്ട് ചെയ്ത മോബിൻ സേവ്യർ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് . പ്രവർത്തിയുടെ ഫൈനൽ ബിൽ പേയ്മെന്റ് നടത്തിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 44523 |
| ടെൻഡർ കുറവ് വരുത്തേണ്ട തുക | 4475 |

ടെണ്ടർ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് അധികം തുക നൽകി . അപാകത ശ്രദ്ധയിൽപ്പെടുത്തി അന്വേഷണക്കുറിപ്പ്(32/24.01.23) നല്കിയതിന് തുക കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം ബിൽ തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 20.07.22-ലെ 27(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും 24.11.2022 ലെ സെക്രട്ടറിയുടെ കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25.01.2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2021-22 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക , റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക , 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | പാലിയേറ്റീവ് കെയർ 2021-22 – പ്രോജക്ട് നം.12 | 300000 | 0 |
| | | 79500 | നടീൽ വസ്തുക്കളുടെ വിതരണം - സുഫലം-പ്രോജക്ട് നം.185 | 79500 | 0 |
| | | 112000 | ലൈഫ് ഭവന പദ്ധതി എസ്. സി -പ്രോജക്ട് നം. 83 | 112000 | 0 |
| | | 140000 | ലൈഫ് മിഷൻ എസ്. സി- പ്രോജക്ട് നം. 82 | 140000 | 0 |
| | | 270800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും അലവൻസും - പ്രോജക്ട് നം. 05 | 270800 | 0 |
| | | 948374 | ലൈഫ് എസ്. സി-പ്രോജക്ട് നം. 156 | 948374 | 0 |
| | | 31300 | ലൈഫ് എസ്. സി-പ്രോജക്ട് നം. 157 | 31300 | 0 |
| | | 320000 | ലൈഫ് മിഷൻ ഭവന പദ്ധതി – പ്രോജക്ട് നം. 4 | 320000 | 0 |
| | | 600000 | തൃക്കേൽ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിൽ ഷട്ടിൽ കോർട്ട് നിർമ്മാണം – പ്രോജക്ട് നം. 132 | 600000 | 0 |
| | | | ആകെ | 2801974 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 96740 | തരിശുഭൂമിയിലെ കൃഷി - | 96740 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും അലവൻസും - പ്രോജക്ട് നം. 05 | 300000 | 0 |
| | | 51700 | ലൈഫ് ഭവന പദ്ധതി എസ്. സി -പ്രോജക്ട് നം. 83 | 51700 | 0 |
| | | 50000 | ലൈഫ് ഭവന പദ്ധതി | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ്.സി – പ്രോജക്ട് നം.156 | | |
| | | 320000 | ലൈഫ് മിഷൻ ഭവന പദ്ധതി – പ്രോജക്ട് നം 4 | 320000 | 0 |
| | | | ആകെ | 818440 | |

തൃക്കേൽ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിൽ ഷട്ടിൽ കോർട്ട് നിർമ്മാണത്തിന് (Project No. 132) ലഭിച്ച 600000 രൂപ മുൻ വർഷത്തിൽ ലഭ്യമായിട്ടുള്ളതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി നീണ്ടൂർ ഡിവിഷൻ | തെരുവ് വിളക്ക് സ്ട്രീറ്റ്ലൈൻ വലിക്കൽ (44/22) | 299838 | 299838 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് (73/22) | 19587 | - | 19587 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

2021-22 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 6105/19 /ഫിൻ /01.08.18 | 1990962 | 940000 | 2930962 | 674666 | 0 | 2256296 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4-1-5 | വനിതകൾക്കായി മാർക്കറ്റിൽ നിർമ്മിച്ച വ്യവസായകേന്ദ്രം നിഷ്ക്രിയാസ്തിയായി | |
| 2014-15 | 2-2,2-3,2-4, 2-3-1, 2-3-2 | 2016-17 | അനുബന്ധം 3, 4, 5 | തൊഴിൽ നികുതി,വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

### 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 81426297.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64726129 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4475 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1649148 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4475 | ശ്രീമതി പ്രിയ മേരി ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-21 | 19587 | ശ്രീമതി രതി.റ്റി.നായർ, സെക്രട്ടറി |
| 1-24 | 20000 | ശ്രീമതി നിത്യ സി.പി., കൃഷി ഓഫീസർ |
| 1-25 | 136988 | ഡോ. ലിൻസി പുളിക്കൽ , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-26 | 300000 | ശ്രീ. വിനോദ് കുമാർ ഇ.ജി., അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 141398 | ശ്രീമതി പ്രിയ മേരി ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 973372 | ശ്രീമതി പ്രിയ മേരി ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 57803 | ശ്രീമതി ബീമ എം, സെക്രട്ടറി |
| ആകെ | 1649148 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രിയ മേരി ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നീണ്ടൂർ ഗ്രാമ പഞ്ചായത്ത് | പുത്തൻപറമ്പിൽ, അമരഗിരി പി.ഒ, കോട്ടയc |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.ടി.എംപി9/663(1) /2022/ 18.07.22 | 4 |
| 2001-2002 ഡി.സി.ബി | എൽ. എഫ്. കെ. പി4./ 890/ 07/28.02.08/ 22.03.08 | |

| | | |
|---|---|---|
| 2002-2003 ഡി.സി.ബി | കെ.എസ്.എ.കെ.ടി.എം.പി9/അദാ.2018/ 56(5)/ 18 /29.01.18 | 4 |
| 2006 -07 | കെ.എസ്.എ.കെ.ടി.എം.പി9/663(4) /2022/ 03.07.22 | 3 |
| 2007 -08 | കെ.എസ്.എ.കെ.ടി.എം.പി9/663(5) /2022/ 12.07.22 | 1 |
| 2008-09 | കെ.എസ്.എ.കെ.ടി.എം.പി9/663(6) /2022/ 03.07.22 | 2 |
| 2009-10 | കെ.എസ്.എ.കെ.ടി.എം.പി9/663(7) /2022/ 22.07.22 | 2 |
| 2010-11 | കെ.എസ്.എ.കെ.ടി.എം.പി9/663(8) /2022/ 22.07.22 | 3 |
| 2012-13 | കെ.എസ്.എ.കെ.ടി.എം.പി9/663(10) /2022/ 22.07.22 | 4 |
| 2013-14 | കെ.എസ്.എ.കെ.ടി.എം.പി9/663(11) /2022/ 03.07.22 | 4 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി9/663(12) /2022/ 02.07.22 | 7 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി9/663(13) /2022/ 22.07.22 | 9 |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി9/663(14) /2022/ 22.07.22 | 14 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി9/663(15) /2022/ 10.08.22 | 10 |
| 2018-19 | കെ.എസ്.എ.കെ.ടി.എം.പി9/663(16) /2022/ 22.07.22 | 10 |
| 2019-20 | കെ.എസ്.എ.കെ.ടി.എം.പി9/764 /21/01.01.22 | 10 |
| 2020-21 | കെ.എസ്.എ.കെ.ടി.എം.പി9/1438 /22/04.11.22 | 15 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്